ഉത്തരം

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ 19 ഡോക്ടർമാരുടെ തസ്തികയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അതിൽ 17 പേരുടെ സേവനം ഇപ്പോൾ ലഭ്യമാണ്.

(ബി&സി) ഇല്ല. കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഓരോ യൂണിറ്റിലും ലഭ്യത അനുസരിച്ച് ഡോക്ടർമാരെ നിയമിച്ചുവരുന്നു.

ബിനാമി പേരിൽ ഭൂമി ഇടപാടുകൾ ഒഴിവാക്കുന്നതിന് നടപടി

162 (4597) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കോവളം ബൈപാസ് റോഡിനിരുവശത്തുമുള്ള ഭൂമി ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്നതാണ് എന്നറിയിക്കുമോ ;

(ബി) ഈ പ്രദേശത്ത് 2000 ജനുവരി ഒന്നു മുതൽ 2003 ജൂലൈ 10 വരെ എത്ര ഭൂമിസംബന്ധമായ ക്രയവിക്രയങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂമിമേഖലയിലെ വസ്തുക്കളെ ബാധിക്കുന്ന ക്രയവിക്രയങ്ങൾ മറ്റ് രജിസ്ട്രാർ ഓഫീസുകളിൽ മേൽകാലയളവിൽ നടന്നിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമി എത്ര ആധാരങ്ങളിലായി രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നറിയിക്കുമോ ;

(ഇ) കഴക്കൂട്ടം-കോവളം ബൈപാസ് റോഡ് പ്രദേശത്തെ രജിസ്ട്രാർ ഓഫീസുകളിൽ അമ്പതു സെന്റിൽ കൂടുതൽ ഭൂമി ഉൾപ്പെടുന്ന എത്ര ആധാരങ്ങൾ 2000 ജനുവരി-2003 ജൂലൈ 10 കാലയളവിൽ നടന്നിട്ടുണ്ടെന്നറിയിക്കുമോ ;

(എഫ്) ഇതിൽ ഒരേക്കറിൽ കൂടുതൽ ഭൂമിയുടെ ക്രയവിക്രയം നടന്നത് ഏത് രജിസ്ട്രാർ ഓഫീസുകളിൽ വച്ചാണെന്ന് വ്യക്തമാക്കുമോ ;

(ജി) ബിനാമി പേരിൽ ഭൂമി ഇടപാടുകൾ ഒഴിവാക്കുന്നതിനായി റേഷൻ കാർഡ് തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഐഡന്റിറ്റി കാർഡ് എന്നിവകൂടി ആധാരങ്ങളിൽ പരാമർശിക്കുന്നത് പരിശോധിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly